VOL-1

കുട്ടികളുടെ രചനകൾ





# കുറിപ്പെൻസിൽ

## ചെറു മനസ്സിലെ വലിയ ഒച്ചകൾ

Published by

സെന്റ് ജോസഫ്സ് യു.പി സ്കൂൾ കല്ലോടി

പ്രിയമുള്ളവരെ,

കൊറോണ വൈറസ് മൂലം നാം അനുഭവിക്കുന്ന
ലോക്ക് ഡൗൺ എന്ന അവസ്ഥയിൽ
കല്ലോടി സെന്റ് ജോസഫ്സ് യു പി സ്കൂളിലെ
വിദ്യാർത്ഥികൾ അവരുടെ മനസിലെ
കഥകളെയും കവിതകളെയും ലേഖനങ്ങളെയും
മറ്റ് രചനകളേയും നിങ്ങൾക്ക് മുൻപിലേക്ക്

**കുട്ടിപെൻസിൽ**

എന്ന ഓൺലൈൻ ബുക്കിലൂടെ
അവതരിപ്പിക്കുകയാണ്
ഏവരുടെയും പ്രോത്സാഹനം
അഭ്യർത്ഥിക്കുന്നു

# ഉൾത്താളുകളിൽ

ഇന്നിന്റെ ശത്രു
നമ്മുടെ കേരളം
വില്ലൻ കോറോണയെ കൈക്കുള്ളിലൊതുക്കാം
പ്രളയം
കുഞ്ഞൻ വൈറസ്
ജാഗ്രത
കൊറോണ എന്ന ഞാൻ
വൈറസ് വ്യാപനം
ഗുരു ദക്ഷിണ
കോറോണയുടെ വികൃതികൾ
ജീവിത സത്യം
ഈ ആത്മസമർപ്പണത്തിന് സല്യൂട്ട്



അവന്റെ ബൈക്ക് വിറ്റു. കൂട്ടുകാരുടെ കൈയിൽ നിന്നും പണം കടം വാങ്ങി. പക്ഷേ എന്നാലും കുറച്ചു പണം കൂടി വേണമായിരുന്നു. അതിനായി ഉണ്ണിക്കുട്ടനും ലക്ഷ്മിയും ലക്ഷ്മിയുടെ സുഹൃത്തായ ശ്രുതിയുടെ പപ്പയുടെ ഷോപ്പിൽ ജോലി ചെയ്തു. അങ്ങനെ ഒരുപാട് നാളത്തെ അവരുടെ കഷ്ടപ്പാടിന്റെ ഫലമായി അവർക്ക് ഓപ്പറേഷന് വേണ്ട പണം ലഭിച്ചു. അച്ഛന്റെ ഓപ്പറേഷൻ കഴിഞ്ഞു. അച്ഛൻ പഴയ നിലയിലായി. പുറത്തിറങ്ങിയ അച്ഛൻ മക്കളെ രണ്ടുപേരെയും വിളിച്ച് നെഞ്ചോട് ചേർത്ത് വെച്ച് കൊണ്ട് പറഞ്ഞു.

' മക്കളെ ഞാൻ ഇനി കുടിക്കില്ല. എന്റെ ഓപ്പറേഷൻ നടത്താൻ വേണ്ടി നിങ്ങൾ എത്ര കഷ്ടപ്പെട്ടു എന്ന് ഡോക്ടർ എന്നോട് പറഞ്ഞു. നമുക്ക് എല്ലാം തിരിച്ചുപിടിക്കാം. ഇനിമുതൽ ഞാൻ ജോലിക്ക് പോകാം.'

അങ്ങനെ അച്ഛന്റെയും മകന്റെയും കഠിനാധ്വാനത്തിന്റെ ഫലമായി അവർ എല്ലാം തിരിച്ചു പിടിച്ചു. ലക്ഷ്മിയുടെ വിവാഹം വിപുലമായ രീതിയിൽ തന്നെ അവർ നടത്തി. അങ്ങനെ അവരുടെ ജീവിതം സന്തോഷത്തിലും സമാധാനത്തിലും ആയി. എത്ര സങ്കടത്തിലും കഷ്ടപ്പാടിലും ജീവിച്ചാലും എല്ലാവരുടെ ജീവിതത്തിലും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും നിമിഷങ്ങൾ ഉണ്ടാവുമെന്ന് അവർക്ക് മനസ്സിലായി.



**മുഹമ്മദ് സിദാൻ** (VII A)



അടുത്ത ദിവസം രാവിലെ രാമേട്ടൻ പുറത്തേക്ക് നോക്കി നാട് ഒറ്റനിമിഷം കൊണ്ട് മാറി മറഞ്ഞു, ആരും പുറത്തിറങ്ങുന്നില്ല... കടകൾ തുറക്കുന്നില്ല... വാഹനങ്ങൾ ഓടുന്നില്ല.. ഉണ്ടെങ്കിൽ തന്നെ അത്യാവശ്യ സാധനങ്ങൾ വാങ്ങി പത്തായത്തിൽ നിറ്ാൻ വെമ്പുന്നവർ...കൊറോണ പരന്നു തുടങ്ങിയതോടെ എല്ലാവരും അവരവരുടെ വീടുകളിൽ ഒതുങ്ങി. രാമേട്ടൻ തന്റെ വീടും പരിസരവും വൃത്തിയാക്കി.

ഏതാനും ദിവസം കഴിഞ്ഞപ്പോൾ രാമേട്ടന് ചെറിയ പനിയും ചുമയും തുടങ്ങി. അസുഖം കുറയുന്നില്ല സാവിത്രിക്കും ചെറിയ അസ്വസ്ഥകൾ കണ്ടു തുടങ്ങി. ആശുപത്രിയിൽ എത്തിയ രാമേട്ടനോട് നിരീക്ഷണത്തിനായി അഡ്മിറ്റാകാൻ നിർദ്ദേശിച്ചു.

'രണ്ടു ദിവസത്തിനുള്ളിൽ റിസൽറ്റു വരും ഭയക്കേണ്ടതില്ല. നമുക്ക് നോക്കാം'. റിസൽട്ട് വന്നു 'പോസിറ്റീവ്' രാമേട്ടന്റെ മനസ് തീജ്വാലകൾ പോലെ കത്തിയെരിഞ്ഞു. സാവിത്രിയും കുട്ടികളും...രാമേട്ടന്റെ ചിന്തകൾക്ക് പിന്നെയും തീ പിടിച്ചു. ഇതറിഞ്ഞ നാട്ടുകാർ വീടിനപ്പുറം കാണാൻ ആഗ്രഹിച്ചില്ല ആ കുടുംബത്തെ പ്രത്യേക നിരീക്ഷണത്തിലാക്കി.കൊറോണയുടെ നീരാളി പ്പിടുത്തത്തിനു മുമ്പിൽ അവർക്കെന്നല്ല ഡോക്ടർമാർക്കു പോലും ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. പ്രായമായ രാമേട്ടന്റെ രോഗാവസ്ഥ കൂടി. കൊറോണയെ മുൻപിൽ പിടിച്ചു നിൽക്കാനാവാതെ അദ്ദേഹം മരണത്തിനു കീഴടങ്ങി. വിവരങ്ങൾ അപ്പപ്പോൾ തന്നെ നാട്ടുകാർ അറിയുന്നുണ്ടായിരുന്നു. നമ്മുടെ നാട്ടിലെ രണ്ടു പേർ മരണമടഞ്ഞിരിക്കുന്നു.സാവിത്രിക്ക് തന്റെ ദു:ഖത്തെ അടക്കി നിർത്താൻ കഴിഞ്ഞില്ല. ആശ്വാസിപ്പിക്കുവാൻ ആരുമില്ല. രാമേട്ടനെ ഒരു നോക്കു കാണാൻ വെമ്പൽ കൊണ്ടു. പക്ഷേ കാണിച്ചില്ല കിച്ചുവിനെ ആശ്വസിപ്പിക്കുവാൻ അവർക്കായില്ല.

കിച്ചു മന്ത്രിച്ചു "എന്റെ പ്രിയപ്പെട്ട അച്ഛൻ' അവൻ കണ്ണുകൾ ഇറുകെ അടച്ചു. അവന്റെ കണ്ണിൽ നിന്നും ചുടുനീർ ധാരയായി ഒഴുകി...

**മീസ ആൻ എം ബിനോയി (7 A)**





# കുഞ്ഞൻ വൈറസ്

കവിത




ഇത്തിരി പോന്നൊരു കുഞ്ഞൻ
കണ്ണിനു പോലുമന്യൻ
ശാസ്ത്ര ലോകത്തെ വിറപ്പിച്ചവൻ
മനുജന്റെ ജീവനെടുക്കാൻ ശക്തൻ
ലോകമാകെ നിശ്ചലമാക്കി കൊറോണ
ലോകമാകെ വെട്ടി പിടിക്കാൻ വെമ്പും
മർത്യാ അറിയുന്നു
നീയിന്നു സമ്പത്തും സ്ഥാനങ്ങളും വ്യഥാ
കൊറോണ പുൽകവെ
സ്വന്തം ഇല്ല ബന്ധങ്ങളില്ല
ഏകാന്ത ദു:ഖത്തിൻ
തടവറ ഓർമ്മകൾ കൂട്ടായി
സ്നേഹിക്കും അച്ഛനില്ലമ്മയില്ല
കൂട്ടിന്നിരിക്കുവൻ പാതിയില്ല
കൊഞ്ചി കളിക്കാൻ കുരുന്നുമില്ല
കയ്യെത്തും ദൂരത്തിൽ നിന്നെയോർത്ത്
നെഞ്ചകം നീറിപ്പിടഞ്ഞവർ
ഓർക്കണം കേൾക്കണം
അധികാര സ്ഥാനത്തിൻ ആജ്ഞ
വീട്ടിൽ ഇരിക്കാം
ആട്ടി അകറ്റാം കൊറോണയെ



ജസ മരിയ (4A)

# ജീവിതസത്യം

കഥ

സൂര്യന്റെ പുഞ്ചിരിയോട് കൂടിയുള്ള ഉദയവും കിളികളുടെ മൂളിപ്പാട്ടും, അങ്ങനെ ആ പ്രഭാതം വന്നെത്തി. ഉണ്ണിക്കുട്ടൻ കാത്തുനിന്ന ആ ദിവസം.അവന് ഇന്നൊരു കൊച്ചനുജനെ കിട്ടാൻ പോവുകയാണ്. അവൻ അതിന്റെ സന്തോഷ ത്തിലാണ്. അവനും അച്ഛന്റെ കൂടെ ആശുപത്രിയിലേക്ക് പോയി. അവൻ ആശു പത്രിക്ക് പുറത്ത് ആകാംഷഭരിതനായി കാത്തുനിന്നു. കുറച്ചു സമയത്തിനു ശേഷം റൂമിൽ നിന്നും ഡോക്ടർ ഇറങ്ങി വന്നു.

ഡോക്ടർ അച്ഛനോട് എന്തോ പറയുന്നത് അവൻ കണ്ടു. അച്ഛന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഇറ്റുന്നത് അവൻ കണ്ടു. അച്ഛനോട് അവൻ കാര്യം അന്വേഷിച്ചു. അച്ഛൻ വിതുമ്പിക്കൊണ്ട് പറഞ്ഞു' ഡോക്ടർ പറഞ്ഞു അമ്മയെ രക്ഷിക്കാനായില്ല കുഞ്ഞിനെ രക്ഷിച്ചു പെൺകുഞ്ഞാണ്.'


ഉണ്ണിക്കുട്ടന് ഒന്നും മിണ്ടാനായില്ല അവൻ വാഷിംഗ് റൂമിലേക്ക് ഓടി. നിറഞ്ഞൊ ഴുകുന്നകണ്ണുനീരുമായി അവൻ അവിടെ കുറേ സമയം ചിലവഴിച്ചു. പിന്നീടവർ വീട്ടിൽ പോവുകയും അമ്മയുടെ മരണാനന്തര ചടങ്ങുകൾ നടത്തുകയും ചെയ്തു. എല്ലാവരും ആ കൊച്ചുമോളെ വെറുത്തു. എന്നാൽ അപ്പുക്കുട്ടനെ അവളോട് ഒരു ദേഷ്യവും ഉണ്ടായിരുന്നില്ല. അമ്മയില്ലാത്ത ആ മക്കളെ നോക്കേണ്ട ചുമതല യുള്ള അച്ഛൻ മഹാകുടിയനായി മാറി. സന്തോഷത്തോടെ ജീവിച്ചിരുന്ന ആ കുടുംബം ദാരിദ്ര്യത്തിലും കടത്തിലുമായി. ആ കൊച്ചു മോളെ പോറ്റാനായി

ഉണ്ണിക്കുട്ടൻ പല ജോലികൾക്കും പോയി. ഒരു ദിവസം ഉണ്ണിക്കുട്ടന്റെ സുഹൃത്ത് അവനോട് പറഞ്ഞു

'നിന്റെ അനിയത്തിക്ക് ഒരു പേര് ഇടേണ്ടേ'

ഉണ്ണിക്കുട്ടൻ കേട്ട പാതി കേൾക്കാത്ത പാതി വീട്ടിലേക്കോടി. ആ പിഞ്ചു മോളെ കൈയിലെടുത്തു ലക്ഷ്മി എന്ന് വിളിച്ചു. അങ്ങനെ അവൾ ഉണ്ണിക്കുട്ടന്റെ ലക്ഷ്മി ക്കുട്ടി ആയി . ചേട്ടന്റെ കഷ്ടപ്പാടും അച്ഛന്റെ മുഴുക്കുടിയും കണ്ടവൾ വളർന്നു. അവൾക്ക് അച്ഛനോട് വെറുപ്പായി. അച്ഛനെ ഒരു അന്യനായി കണ്ടു. ആ സങ്കട ത്തിൽ അച്ഛൻ കുടിച്ചു കുടിച്ചു മാരകമായ ലിവർ സിറോസിസ് എന്ന രോഗ ത്തിനടിമയായി. അച്ഛനെ രക്ഷിക്കാനായി ലിവർ മാറ്റി വെക്കണം എന്നും അതിന് ഒരുപാട് പണം വേണമെന്നും ഡോക്ടർ ഉണ്ണിക്കുട്ടനോട് പറഞ്ഞു. ഉണ്ണിക്കുട്ടൻ എല്ലാ കാര്യങ്ങളും ലക്ഷ്മിയോട് പറഞ്ഞു. അച്ഛനെ രക്ഷിക്കാനായി ഉണ്ണിക്കുട്ടൻ പല വഴികളും ശ്രമിച്ചു.





കാറ്റ് ഒന്ന് പാടുന്നു്
ജലം ഒന്ന് പാടുന്നു്
കോവിഡിനേക്കുറിച്ചാണല്ലോ!

മരം ഒന്ന് പാടുന്നു,
കടൽ ഒന്ന് പാടുന്നു,
പ്രതിരോധത്തെക്കുറിച്ചാണല്ലോ!

കേരളം പാടുന്നു,
നിപ്പയെപ്പോലെ കോവിഡിനേയും,
കേരളം ഒന്നായി പ്രതിരോധിക്കും!


കേരളമണ്ണിൽ കോവിഡ് പകരാൻ,
സമ്മതിക്കില്ല ആരോഗ്യ കേരളം,
നമ്മുടെ കേരളം!

ആൽബിൽ സജി (6D)



# ജാഗ്രത

കവിത



ജാഗ്രത ജാഗ്രത നമ്മുക്ക് വേണം
ജാഗ്രത കുട്ടികളാം നമ്മളിൽ
ശുചിത്വബോധം ഉണരണം
പൊരുതണം പൊരുതണം
കൊറോണയെ ചെറുക്കുവാൻ
തുരത്തണം തുരത്തണം
നമുക്കീ വിപത്തിനെ
അടിയുറച്ചു ഒരുമയോടെ
നീക്കിടാം ഈ മാരിയെ.....

എൽസ മരിയ ബിനോയ് (3B)



# വില്ലൻ കൊറോണയെ കൈപ്പിടിയിലൊതുക്കാം

ലേഖനം

ഈ 2020ൽ മഹാമാരിയായി പടർന്നു പിടിക്കുന്ന ഒരു മഹാ രോഗമാണ് കോവിഡ്19. നമുക്ക് പ്രതിരോധത്തിലൂടെ അകറ്റി നിർത്താൻ സാധിക്കും. അതിനു നമുക്ക് പ്രതിരോധമാണ് ആവശ്യം. രോഗം വന്നതിനു ശേഷം ചികിത്സിക്കുക, എന്നതാണ് നമ്മിൽ പലരുടെയും രീതി. എന്നാൽ, തക്ക സമയത്തുള്ള രോഗപ്രതിരോധ നടപടികൾ, വ്യക്തിശുചിത്വം, പരിസരശുചിത്വം പോഷകസമൃദ്ധമായ ആഹാരം, നിത്യേനയുള്ള വ്യായാമം എന്നിവയിലൂടെ ഇന്ന് വ്യാപകമായി കാണുന്ന 85% വരെ രോഗങ്ങളിൽ നിന്ന് രക്ഷ നേടാൻ നമുക്ക് കഴിയും.

അതെ, നമ്മൾ പ്രതിരോധിക്കും! അതിജീവിക്കും! വിജയിക്കും !

സാന്ദ്ര സജി (6D)



ഹോസ്പിറ്റലിലെ ഐസൊലേഷൻ വാർഡിൽ കടന്നു കൊണ്ട് സ്വന്തം കുഞ്ഞിനുള്ള പാൽ ഒരു നിപ്പിൾ കുപ്പിയിലേക്ക് മാറ്റി. സുരക്ഷാ ഉപകരണങ്ങളോടു കൂടി അത് കൊണ്ടു പോകുമ്പോൾ ആ അമ്മ മനസ് നീറുന്നുണ്ടായിരുന്നു. എങ്കിലും ഒരാളുടെ ജീവൻ രക്ഷിക്കാൻ തനിക്കായല്ലോ എന്ന ആശ്വാസത്തോടെ രമ ഡോക്ടർ അത് മായ്ക്കാൻ ശ്രമിച്ചു.

രണ്ട്, മൂന്നാഴ്ച്ച കഴിഞ്ഞപ്പോഴേക്കും രമ ഡോക്ടറുടെ രോഗം ഭേദമായിത്തുടങ്ങിയിരുന്നു. ഒരു മാസം കൊണ്ട് രോഗം പൂർണ്ണമായും ഭേദമായി. തുടർന്ന് വീട്ടിൽ എത്തിയപ്പോൾ 14 ദിവസം സെൽഫ് ക്വാറന്റൈൻ നിർദേശിച്ചു. അതും കഴിഞ്ഞ് ഫോൺ തുറന്ന് നോക്കുമ്പോൾ 50ൽ അധികം മിസ് കോളുകളും ഒട്ടേറെ മെസേജുകളും!!! എല്ലാം ഡോക്ടറെ അഭിനന്ദിക്കുവാൻ വേണ്ടിയുള്ളതായിരുന്നു.

കേരള സർക്കാർ ഈ ആത്മസമർപ്പണത്തിനു പാരിതോഷികമായി നൽകിയ കാഷ് അവാർഡും തന്റെ ഒരു മാസത്തെ ശമ്പളവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഡോക്ടർ നൽകി. ഇതിനെല്ലാം ശേഷം രാവിലെ മുതൽ ഷിഫ്റ്റ് പ്രകാരം ഡോ. രമ വീണ്ടും രോഗികളെ പരിചരിക്കാനായ് ഹോസ്പിറ്റലിലേക്ക് പോകുന്നത് നോക്കി രമയുടെ ഭർത്താവ് അഭിമാനത്തോടെ നിന്നു.

ഈ ഡോക്ടറുടെ ഭർത്താവാകാൻ തനിക്ക് കഴിഞ്ഞല്ലോ എന്നോർത്തു കൊണ്ട്....



**അമയ റീത്ത ഷിബു (VIIA)**



# കൊറോണയുടെ വികൃതികൾ

കഥ

ആഹ്ലാദകരമായ നിമിഷങ്ങൾ...സ്വച്ഛസുന്ദരമായ ഗ്രാമം ഏതൊരാളെയും നോക്കിയാൽ സന്തോഷത്തിന്റെ തെളിവുകളായ മുല്ലപ്പൂപ്പോലെയുള്ള പല്ലുകൾ കാണാം. കിളികളുടെ ശബ്ദങ്ങൾ.. ചെറു തണുപ്പ്... എല്ലാവരും സ്വന്തം കിടക്കയേയും പുതപ്പിനേയും വിട്ട് പുതിയ ദിവസത്തിന്റെ മധുരിമ ആസ്വദിക്കുന്നതിനുള്ള ഒരുക്കത്തിലാണ്.

രാമേട്ടൻ പത്രമെടുത്ത് വായിക്കാൻ തുടങ്ങി

'കേരളത്തിൽ ആദ്യത്തെ കൊറോണ സ്ഥിരീകരിച്ചു '.

അടുക്കളയിൽ നിന്ന് വാർത്ത കേട്ട് ഓടിയെത്തിയ സാവിത്രി ചോദിച്ചു.

' സ്ഥിരീകരിച്ചോ? നിങ്ങളിനി പുറത്തേക്കൊന്നും പോകണ്ട

അയ്യോ! നമ്മുടെ മോൻ കിച്ചുവെന്തിയെ?'

'അവൻ ആ അപ്പുവിന്റെ കൂടെ കളിക്കാൻ പോയതാ'രാമേട്ടൻ പറഞ്ഞു.

'എന്റെ ദൈവമേ അവനെയിങ്ങ് വിളിച്ചേ'

സാവിത്രി പറഞ്ഞു.മൂന്നു പേരടങ്ങുന്ന ആ കുടുംബം സന്തോഷത്തോടെയും സൂക്ഷിച്ചും മുൻപോട്ടുപോയി. അവരുടെ രണ്ടു പേരുടെയും ഏകമകനായ കിച്ചു അവന്റെ പ്രിയപ്പെട്ട ചാനലായ കാർട്ടൂൺ ചാനൽ കണ്ടുകൊണ്ടിരിക്കെ സാവിത്രി പറഞ്ഞു.

'എടാ നീയാ വാർത്തയൊന്ന് വെച്ചേ "

'അടുത്തതെന്റെ ടോം & ജെറിയാണ് അതാകുമ്പോഴേക്കും എനിക്ക് റിമോട്ട് വേണം"കിച്ചു പറഞ്ഞു.

' ഉം ശരി വേഗം വാർത്ത വെക്ക്

കേരളത്തിലെവിടെയൊക്കയോ കൊറോണ സ്ഥിരീകരിച്ചു! വാർത്ത കണ്ടു കൊണ്ടിരിക്കെ സാവിത്രിയിൽ ഞെട്ടലുളവാക്കി കൊണ്ട് ആ വാർത്തയെത്തി.

' ജില്ലയിൽ 5 പേർക്ക് കൊറോണ സ്ഥിരീകരിച്ചു'.

പുറത്തു നിന്നും എത്തിയ രാമേട്ടൻ പറഞ്ഞു.

'ആ കൊറോണ പിടിച്ച 5 പേരിലൊരാൾ നമ്മുടെ പുഴക്കരെയുള്ള നവാസാണ്. ഇനി പുറത്തേക്കാരും ഇറങ്ങണ്ട, സർക്കാരിന്റെ കടുത്ത നിയന്ത്രണങ്ങളുണ്ട്. അയൽപക്കത്തുള്ള മ്മടെ ബിജു പറഞ്ഞു നവാസിന്റെ ഭാര്യയും മക്കളും നിരീക്ഷണത്തിലാണെന്ന്'.

സാവിത്രി തന്റെ മിഴികൾ എങ്ങോട്ടെന്നില്ലാതെ പായിച്ചു. രാമേട്ടൻ കുറച്ച് അരിയും സാധനങ്ങളുമായി നവാസിന്റെ വീട്ടിൽ എത്തി അവിടെ ഏൽപിച്ച് തിരികെ പോന്നു. നടക്കുന്ന വഴിയിലത്രയും എന്തെന്നില്ലാത്ത ചിന്ത അയാളെ അലട്ടിയിരുന്നു...



# പ്രളയം

കഥ

ഒരിടത്ത് രണ്ടു കൃഷിക്കാർ താമസിച്ചിരുന്നു. നെല്ലും വാഴയും മറ്റു കൃഷികളും അവർ ചെയ്തിരുന്നു. അങ്ങനെ ഒരുനാൾ അവർ വലിയൊരു തുക കടം വാങ്ങി കൃഷി ചെയ്യാൻ തുടങ്ങി. ആദ്യത്തെ ചെറിയ മഴകൊണ്ട് കൃഷി നല്ല വിധത്തിൽ നടന്നു. അങ്ങനെ മഴക്കാലം വന്നു. മഴ ശക്തമായി പെയ്യാൻ തുടങ്ങി. കൃഷിയെ അത് വളരെയധികം ബാധിച്ചു. കൃഷി നശിക്കാൻ തുടങ്ങി.

അവർക്ക് കടം മേടിച്ച പണം തിരിച്ചു കൊടുക്കാൻ കഴിഞ്ഞില്ല. ഒടുവിൽ വളരെയധികം കഷ്ടപ്പെട്ട് അവർ പണം തിരിച്ചു നൽകി. രണ്ടാം വർഷവും ആരംഭിച്ചു. അവർ എല്ലാ വർഷത്തെയും പോലെ കടം മേടിച്ച് കൃഷി ആരംഭിച്ചു. മുൻപത്തെ വർഷത്തെ പോലെ ആദ്യ മഴയിൽ കൃഷി ഒന്ന് പച്ച പിടിച്ചു. കഴിഞ്ഞ വർഷത്തെ പോലെ മഴ വീണ്ടും ശക്തമായി. കൃഷി നശിച്ചു. ഇതിന്റെ സങ്കടത്തിൽ ഒരു കർഷകൻ നാടുവിട്ടു. രണ്ടാമൻ അങ്ങനെ മഴയുടെ മുന്നിൽ കീഴടങ്ങാൻ തീരുമാനിച്ചില്ല. അയാൾ അടുത്തവർഷം കൃഷി തുടങ്ങി. വളരെ മനോഹരമായ അന്തരീക്ഷത്തിൽ കൃഷി പുരോഗമിച്ചു. അങ്ങനെ വിളവെടുപ്പ് നടന്നു. കൃഷിയിൽ നിന്നും നല്ലൊരു തുക അയാൾക്ക് ലഭിച്ചു. അങ്ങനെ അയാൾ സന്തോഷത്തോടെ ജീവിച്ചു.

പരിശ്രമിക്കാതെ മാറി നിന്നാൽ ഒന്നും നമുക്ക് നേടിയെടുക്കാൻ ആകില്ല എന്നതാണ് ഇവരുടെ കഥ നമ്മളെ പഠിപ്പിക്കുന്നത്.

ശ്രീനന്ദ റ്റി. (VIIA)



ഇനിയും കുറച്ചു പേരെ കൂടി ഞാൻ കീഴടക്കും. പുറത്ത് ഇറങ്ങാതെ ഇരിക്കുകയും അഥവാ പുറത്ത് ഇറങ്ങിയാൽ മാസ്ക് കെട്ടുകയും വന്നു കഴിയുമ്പോൾ കൈയും മുഖവും സോപ്പിട്ടു കഴുകുകയും ഹസ്തദാനം നടത്താതിരിക്കുകയും ചെയ്യുന്നവരെ എനിക്ക് ഒന്നും ചെയ്യാൻ സാധിക്കില്ല. പനി ചുമ തൊണ്ടവേദന ശ്വാസതടസ്സം ഇതൊക്കെയാണ് എന്നെ തിരിച്ചറിയാനുള്ള അടയാളം. ശ്വാസകോശമാണ് എന്റെ ഇഷ്ട ഭക്ഷണം. നിങ്ങൾ എന്നെ കണ്ടു പേടിച്ചിട്ട് കാര്യമില്ല ജാഗ്രതയോടെ പെരുമാറിയാൽ നിങ്ങൾക്കെന്നെ തുരത്താൻ സാധിക്കും. എൻറെ കുഞ്ഞു കൂട്ടുകാരോട് എനിക്ക് പറയാനുള്ളത് നിങ്ങൾ സമയം വെറുതെ കളയരുത് എന്നാണ്. ലോക്ഡൗൺ കാലത്ത് കുട്ടികൾക്കായുള്ള വിജ്ഞാനത്തിനും വിനോദത്തിനും ആയി കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് വിവിധ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട് അതിൽ ഒരു പദ്ധതിയാണ് " അക്ഷര വൃക്ഷം" പദ്ധതി. ഇതിൽ നിങ്ങൾ എല്ലാവരും പങ്കാളികളാകണം കേട്ടോ. എന്ന് നിങ്ങളുടെ സ്വന്തം കൊറോണ വൈറസ്. എന്റെ കഥ പറഞ്ഞു തീർന്നിട്ടില്ല ഇനിയും കുറെ കാര്യങ്ങൾ പറയാനുണ്ട് . ബാക്കി പിന്നെ പറയാട്ടോ കൂട്ടുകാരെ.....



എമിൽ ഷാജ് പി (3 B)

# ഈ ആത്മസമർപ്പണത്തിന് സല്യൂട്ട് !

കഥ

' ഡോക്ടർ, ഈ രോഗിയുടെ നില അതീവ ഗുരുതരമായിക്കൊണ്ടിരിക്കുന്നു. രാവിലെ അത്ര കുഴപ്പമൊന്നും ഇല്ലാതിരുന്നതുകൊണ്ടാണ് ഓക്സിജൻ മാസ്ക് വയ്ക്കാതിരുന്നത്. ആകെയുള്ള ഒരു പി. പി. ഇ കിറ്റ് ധരിച്ചു കൊണ്ട് രഞ്ജിത്ത് ഡോക്ടർ സെക്കന്റ് ഫ്ലോറിൽ റൗണ്ട്സിന് പോയിരിക്കുകയാണ്. അവിടെ വേറൊരു രോഗിയുടെ നിലയും അൽപം ഗുരുതരമാണ്. 2 മാസം പ്രായമുള്ള കുഞ്ഞിന്റെ വിവരമറിയാൻ 6 മണിക്കൂർ നേരമുള്ള ഷിഫ്റ്റ് ഡ്യൂട്ടിക്കു ശേഷം ഭർത്താവിനെ വിളിക്കാൻ ഒരുങ്ങിയ ഡോ. രമയോട് ഒരു നഴ്സ് കിതച്ചു കൊണ്ട് വന്നു പറഞ്ഞു.'

'ബാക്കിയുള്ള രണ്ടു ഡോക്ടർമാർ പേടിച്ചു മാറി നിൽക്കുകയാണ്' . പ്യൂൺ രമണി കൂട്ടിച്ചേർത്തു.

' ഇപ്പോൾ എന്താ ചെയ്യുക... രമണീ ഇവിടെ പ്ലാസ്റ്റിക് ഷീറ്റ് വല്ലതുമുണ്ടോ?' ഡോ. രമക്ക് ആവലാതിയായി.

' ഉണ്ട് മാഡം. ഞാനിന്നലെ സ്റ്റോർ റൂം വൃത്തിയാക്കിയപ്പോൾ ഒരു നീണ്ട ഷീറ്റ് കിട്ടിയിരുന്നു. ഞാനിപ്പോൾ അത് എടുത്തു കൊണ്ടു വരാം.'

രണ്ട് മാസം പ്രായമുള്ള തന്റെ കുഞ്ഞിനെയും ഭർത്താവിനെയും എന്തിന് സ്വന്തം ജീവൻ തന്നെ മറന്നു കൊണ്ട് ഒരു എൻ 95 മാസ്കിന്റെയും ശരീരത്തിൽ വലിച്ചുകെട്ടിയ ഒരു പ്ലാസ്റ്റിക് ഷീറ്റിന്റെയും മാത്രം ബലത്തിൽ അത്യാസന്ന നിലയിലുള്ള ആ കോവിഡ് രോഗിയുടെ അടുത്തേക്ക് ഡോ. രമ പോയി. കുറച്ചു നേരത്തിനു ശേഷം രമ ഡോക്ടർ പുറത്തിറങ്ങി. ദേഹം മുഴുവൻ അണുനാശിനി സ്പ്രേ ചെയ്ത് നേരേ ക്യാബിനിലേക്ക് പോയി. എന്നിട്ട് രഞ്ജിത്ത് ഡോക്ടറെ ഫോൺ കാൾ ചെയ്തു. അപ്പോഴേക്കും എല്ലാവരും കാര്യങ്ങളറിഞ്ഞിരുന്നു.

പി പി ഇ കിറ്റ് ധരിച്ചിരുന്ന ഡോ. രഞ്ജിത്ത് വേഗം വന്ന് ഡോ. രമയുടെ സ്രവം എടുത്തു. എന്നിട്ട് രണ്ട് പേരുടെ സഹായത്തോടെ ഐസൊലേഷൻ വാർഡിലേക്ക് മാറ്റി. അപ്പോഴേക്കും ഗുരുതരനിലയിലായിരുന്ന ആ കോവിഡ് രോഗിയുടെ നില ഡോക്ടറുടെ പെട്ടെന്നുള്ള ഇടപെടൽ കൊണ്ട് സാധാരണ നിലയിലായി. ഡോക്ടറുടെ പരിശോധനക്കയച്ച സ്രവത്തിൽ കൊറോണ വൈറസിന്റെ സാന്നിധ്യം കണ്ടെത്തി.



# കൊറോണ എന്ന ഞാൻ

ലേഖനം

ഞാൻ കൊറോണ വൈറസ്. ചൈനയിലെ വുഹാനിൽ 2019 ഡിസംബർ 31 നാണ് എന്റെ ജനനം. എനിക്ക് വിനോദയാത്ര വളരെ ഇഷ്ടമാണ് അതിനാൽ ഞാൻ എല്ലാ രാജ്യങ്ങളിൽ കൂടിയും ഒരേസമയം ചുറ്റി സഞ്ചരിച്ചു കൊണ്ടിരിക്കുകയാണ്. ചൈന യിലും ഇറ്റലിയിലും അമേരിക്കയിലും ഒക്കെ ഉള്ളവർ എന്നെ രണ്ടുകയ്യും നീട്ടി സ്വീകരിച്ചു. എന്നെ ആദ്യം തിരിച്ചറിഞ്ഞ ഡോ. ലീ വെൻഗ്ലിയാങ് എന്ന ചൈനീസ് ഡോക്ടറെ ഞാൻ വകവരുത്തി. എന്നെ കോവിഡ് 19 എന്ന് പുനർനാമകരണം ചെയ്തത് ഡബ്ലിയു. എച്ച്. ഒ ആണ് .കോവിഡ് 19 എന്നതിൻറെ മുഴുവൻ പേര് Corona virus Disease എന്നാണ്. മനുഷ്യനെ മാത്രമല്ല മൃഗങ്ങളെയും എനിക്ക് ഇഷ്ടമാണ് യു. എസ് ലേ നാദിയ എന്ന പെൺ കടുവയെ ഞാൻ എൻറെ കൂട്ടുകാരിയായി കൂട്ടിയിട്ടുണ്ട്. എന്നെ ഇല്ലാതാക്കാൻ ആരോഗ്യരംഗത്തും പൊതുരംഗത്തും ഉള്ളവർ രാപകൽ കഷ്ടപ്പെടുന്നുണ്ട്. എല്ലാവരോടും കൂട്ടുകൂടാൻ വളരെ ആഗ്രഹത്തോടെ വന്ന എന്നെ നശിപ്പിക്കാൻ ഉള്ള ആദ്യത്തെ വാക്സിൻ എം. ആർ. എൻ. എ 1273 പരീക്ഷിക്കുവാൻ സ്വമേധയാ തയ്യാറായ ജെന്നിഫർ ഹാലറിനേയും ഞാൻ കീഴടക്കി. ഞാൻ കൂട്ടുകൂടിയവരുടെ അടുത്തേക്ക് ഡോക്ടർമാരും നഴ്സുമാരും പി. പി ഇ (Personal Protective Equipment) കിറ്റ് ധരിച്ചാണ് എത്താറുള്ളത്. ഇന്ത്യയിൽ കേരളത്തിൽ ആണ് ഞാൻ ആദ്യം എത്തിയത്. ഞാൻ എത്തിയെന്ന് അറിഞ്ഞ ഉടനെ എന്നെ ഓടിക്കാൻ ഷൈലജ ടീച്ചറും കൂട്ടരും നിർത്താതെ ഓടുകയാണ്. എന്നെ ഓടിക്കാൻ ശ്രമിക്കുന്നതിന്റെ ഒരിച്ചിരി ദേഷ്യം എനിക്ക് ഷൈലജ ടീച്ചറിനോട് ഉണ്ട്. ഞാൻ വന്നു എന്ന് അറിഞ്ഞപ്പോൾ തന്നെ സ്കൂളുകൾക്ക് അവധി നൽകിയതിനാൽ എന്റെ കൊച്ചു കൂട്ടുകാരെ എനിക്കൊന്നു കാണുവാൻ പോലും സാധിച്ചില്ല. കല്യാണവും ആഘോഷപരിപാടികളും എനിക്ക് വളരെ ഇഷ്ടമാണ്. പക്ഷേ ഒന്നിലും പങ്കെടുക്കുവാൻ ആരും എന്നെ അനുവദിക്കുന്നില്ല. എല്ലാ പരിപാടികളും മാറ്റി വച്ചില്ലേ. പൂരം കാണാൻ മോഹിച്ചാണ് ഞാൻ തൃശൂർ വന്നത്. അതും നടന്നില്ല... ഈസ്റ്ററും വിഷുവും ഒന്നു കൂടുവാൻ സാധിച്ചില്ല. പള്ളിയിലും അമ്പലത്തിലും ജുമാ മസ്ജിദിലും എന്നെ കയറുവാൻ പോലും സമ്മതിക്കുന്നില്ല. കേരളത്തിൽ എത്തുമ്പോൾ വയനാട്ടിൽ കുറച്ചുനാൾ ചുറ്റി സഞ്ചരിക്കണം എന്ന് ആഗ്രഹിച്ചത. പക്ഷേ വയനാട്ടിൽ എത്തിയപ്പോഴേക്കും ആ കലക്ടർ ഇല്ലേ.... വയനാട് ജില്ലാ കലക്ടർ........ ഡോ. അദീല അബ്ദുള്ള ... അവരും കൂട്ടുകാരും കൂടെ അപ്പോൾതന്നെ എന്നെ അവിടുന്ന് ഓടിച്ചു. ചുറ്റും വേലി കെട്ടി. അവരോട് എനിക്ക് ഭയങ്കര ദേഷ്യമാണ്. വള്ളിയൂർക്കാവ് ഉത്സവവും കാണാൻ പറ്റിയില്ല. എന്നെ ഈ ലോകത്തുനിന്ന് നിങ്ങൾ തുടച്ചുമാറ്റും എന്ന് എനിക്ക് അറിയാം. എന്നാലും ഞാൻ പറ്റുന്ന അത്രയും പിടിച്ചുനിൽക്കാൻ ശ്രമിക്കും. എനിക്ക് തിരികെ പോയാലും കുഴപ്പമൊന്നുമില്ല. ഒരുലക്ഷത്തിലധികം ആളുകളെ ഞാൻ കീഴടക്കി കഴിഞ്ഞു






# കുറിപ്പെൻസിൽ

ചെറു മനസ്സിലെ വലിയ ഒച്ചകൾ

An online publication

Designed by :Jishin MJ (sjups kallody)